**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2311 — 18.03.2015 ൽ മറുപടിക്ക്

## ഇ- ഡിസ്ട്രിക്ട് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി ഉബൈദുള്ള** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) ഇ-ഡിസ്ട്രിക്ട് പദ്ധതി സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി വഴി നൽകുന്ന സേവനങ്ങളെക്കുറിച്ചും സൗകര്യങ്ങളെക്കുറിച്ചും അവലോകനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള സ്റ്റിയറിംഗ് കമ്മിറ്റി, ചീഫ് സെക്രട്ടറി ചെയർമാനായ അപ്പക്സ് കമ്മിറ്റി എന്നിവ സംസ്ഥാന തലത്തിൽ ഇ-ഡിസ്ട്രിക്ട് ഉൾപ്പെടെയുള്ള ഇ-ഗവേണൻസ് പദ്ധതികൾ അവലോകനം ചെയ്യുന്നുണ്ട്. ജില്ലാ തലത്തിൽ പദ്ധതിയുടെ അവലോകനത്തിനായി ജില്ല കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പ് പ്രതിനിധികളെ ഉൾക്കൊള്ളിച്ച് ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി (ഡി.ഇ.ജി.എസ്) സംവിധാനത്തിനും രൂപം നൽകിയിട്ടുണ്ട്.<br>ഇ-ഡിസ്ട്രിക്ട് പദ്ധതി നടത്തിപ്പിന്റെ നോഡൽ ഏജൻസിയായ കേരള സ്റ്റേറ്റ് ഐ.ടി മിഷൻ പദ്ധതി വിലയിരുത്തി പ്രതിമാസ അവലോകന റിപ്പോർട്ട് (Monthly Performance Report) തയ്യാറാക്കുന്നുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതി കാര്യക്ഷമമാക്കുന്നതിനും സംശയങ്ങളും പരാതികളും കുറയ്ക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ